## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 343** **27-01-2026 - ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരും നിലവിലെ സർക്കാരും ലൈഫ് മിഷൻ പദ്ധതിയിലൂടെ നാളിതുവരെ എത്ര കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 2016-17 മുതൽ 20.01.2026 വരെ 6,00,547 കുടുംബങ്ങൾ ഭവന നിർമ്മാണാനുകൂല്യത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ 4,81,935 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 118,612 കുടുംബങ്ങളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. |
| (ബി) | സർക്കാർ കണക്കുകൾ പ്രകാരം ഇത്തരത്തിൽ സംസ്ഥാനത്ത് ഇനിയും പാർപ്പിട സൗകര്യം ഉറപ്പാക്കേണ്ട കുടുംബങ്ങളുടെ എണ്ണം എത്രയെന്നും ഇവർക്കായുള്ള പാർപ്പിട സൗകര്യം സമയബന്ധിതമായി ഉറപ്പാക്കാൻ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (ബി) | ലൈഫ് ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ 2,61,643 ഭൂമിയുള്ള ഭവനരഹിതരും 3,32,122 ഭൂരഹിത ഭവനരഹിതരുമാണ് ഗുണഭോക്തൃ പട്ടികയിൽ ഇപ്പോൾ അവശേഷിക്കുന്നത്.<br><br>ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണനാനുകൂല്യം നൽകിയും ഭൂരഹിത ഭവനരഹിതർക്ക് ഭൂമിയും വീടും ഉറപ്പാക്കിയും അല്ലെങ്കിൽ ഭവന സമുച്ചയത്തിലൂടെ പുനരധിവസിപ്പിച്ചും പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>ഭവന നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ നിർമ്മാണത്തിനും ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടു ള്ളതിൽ ഭവന നിർമ്മാണാനുകൂല്യം ലഭിക്കുവാൻ അവശേഷിക്കുന്ന പട്ടിക ജാതി/ പട്ടികവർഗ്ഗ ഗുണഭോ ക്താക്കളുടെ ഭവന നിർമ്മാണ ത്തിനുമായി 1500 കോടി രൂപ ഹഡ്കോയിൽ നിന്നു കെ.യു.ആർ.ഡി.എഫ്.സി മുഖേന ഗ്രാമപഞ്ചായത്തുകൾക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br><br>'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ ലഭിക്കുന്ന ഭൂമിയും പുറമ്പോക്ക് ഭൂമിയും ഭൂരഹിത ഭവനരഹിതർക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേനയും ഭൂരഹിത ഭവനരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടിയും പുരോഗമിക്കുന്നു. ഇതിനു പുറമെ ലൈഫ് ചിറ്റിലപ്പിള്ളി ഭവന പദ്ധതിയിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുകയും ഇപ്രകാരം ഭൂമി ലഭ്യമാകുന്നവർക്ക് ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി വീട് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലയൺസ് ലൈഫ് വില്ലേജ് പദ്ധതിയുടെ ഭാഗമായി 100 ലൈഫ് ഗുണഭോക്താക്കൾക്ക് ഭവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ